മലയാള മനോരമ
ESTABLISHED 1888
4 February 2017

# പ്രായത്തിൽ ചൂര ചേട്ടൻ; മത്തി അനിയൻ

● ആഴക്കടലിന്റെ അദ്ഭുതങ്ങളും സമുദ്ര ജൈവ വൈവിധ്യങ്ങളും അനാവരണം ചെയ്യുന്ന പ്രദർശനത്തിനു തുടക്കം

കൊച്ചി ● 'മീനിന്റെ വയസ്സറിയാം' എന്നു കേട്ടപ്പോൾ ആറാം ക്ലാസുകാരിയായ പൊന്നമ്പിളി സംശയം മറച്ചു വച്ചില്ല: 'അതിനു മത്സ്യങ്ങൾക്കു ഡേറ്റ് ഓഫ് ബർത്ത് ഓർത്തിരിക്കാൻ പറ്റുമോ?' ഇനി ഓർത്താൽതന്നെ അതിനു സംസാരിക്കാൻ പറ്റുമോ? വയസ്സറിയാൻ പറ്റിയാൽ വീട്ടിൽ കറിവയ്ക്കാൻ ചീഞ്ഞ മീനിനെ കേറ്റില്ല.

നല്ല മിടുമിടുക്കൻ ചെറുപ്പക്കാരെ തന്നെ തിരഞ്ഞെടുക്കാം! മത്സ്യങ്ങളുടെ പ്രായം തിട്ടപ്പെടുത്താൻ സഹായിക്കുന്ന കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിലെ (സിഎംഎഫ്ആർഐ) പരീക്ഷണ ശാലയിലേക്കു കയറുംമുൻപ് പൊന്നമ്പിളി ഒന്നുറപ്പിച്ചു. ഇവിടേക്ക് അച്ഛനെയും അമ്മയെയും കൂട്ടി ഒരു വരവുകൂടി വരണം. മീനിന്റെ വയസ്സളക്കുന്ന വിദ്യ അവരും കണ്ടു പഠിക്കട്ടെ!

മത്സ്യങ്ങളുടെ പ്രായം തിട്ടപ്പെടുത്തുന്ന പ്രവർത്തനങ്ങളും അതിനുപയോഗിക്കുന്ന ഉപകരണങ്ങളും ഗവേഷകർ പരിചയപ്പെടുത്തി. മത്തിയുടെ ശരാശരി പ്രായം ഒന്നര മുതൽ രണ്ടു വർഷവും ചൂരയുടേത് 20 വർഷവുമാണെന്നു കേട്ടപ്പോൾ പതിനൊന്നുകാരിയുടെ കണ്ണു തള്ളി.

അനിയനോ, എന്നേക്കാൾ മൂത്ത ചൂരച്ചേട്ടനോ..? ആഴക്കടലിന്റെ അദ്ഭുതങ്ങളും സമുദ്ര മത്സ്യ മ്യൂസിയവും ലബോറട്ടറികളും കാണാൻ സ്കൂൾകുട്ടികളുൾപ്പെടെ ഇന്നലെ നാലായിരത്തോളം പേരാണെത്തിയത്. സമുദ്ര ജൈവ വൈവിധ്യ മ്യൂസിയത്തിൽ ഒരുക്കിയ നീലത്തിമിംഗലങ്ങളുടെയും പെൻഗ്വിന്റെയും ഇഷ്ടഭക്ഷണമായ അന്റാർട്ടിക്കൻ ക്രിൽ, കടൽപശു, കടൽവെള്ളരി, കടൽക്കുതിര, ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ് എന്നിവ കൗതുകമുണർത്തി. തിരണ്ടി, ഗിത്താർ മത്സ്യം, ആഫ്രിക്കൻ എയ്ഞ്ചൽ സ്രാവ്, മാപ്ലാൻ, ടൈഗർ സ്രാവ്, ഏട്ട, അരണ മീൻ, ഡോൾഫിൻ, കുതിര മീൻ, കുതിര്, കാരവാലി തുടങ്ങി വിവിധയിനം മത്സ്യങ്ങൾ കൗതുകം പകർന്നു.

പ്ലാസ്റ്റിക് വസ്തുക്കൾ ജല ആവാസ വ്യവസ്ഥയെ നശിപ്പിക്കുന്നതിന്റെ അപകടം ഓർമിപ്പിക്കുന്നതായിരുന്നു മത്സ്യപരിസ്ഥിതി വിഭാഗത്തിന്റെ പ്രദർശനം. കക്ക, ചിപ്പി വർഗങ്ങളുടെ പ്രദർശനവും വേറിട്ടതായി. ഒരു വസ്തുവിന്റെ പത്തു ലക്ഷം മടങ്ങു വരെ വലുതായി കാണിക്കുന്ന ഇലക്ട്രോൺ മൈക്രോസ്കോപ്പിന്റെ പ്രവർത്തനം കുട്ടികളിൽ അദ്ഭുതം ജനിപ്പിച്ചു. ഒരു കോടി രൂപയോളം വിലവരുന്നതാണ് ഈ ഉപകരണം.

കുട്ടികൾക്കു ശാസ്ത്രജ്ഞരുമായി സംശയനിവാരണം നടത്താനും പഠന ചർച്ചകളിലേർപ്പെടാനും അവസരം ലഭിച്ചു. മ്യൂസിയം, അക്വേറിയം, ആറ്റിക് എന്നിവ സന്ദർശിക്കുന്നതിന് എല്ലാ ദിവസങ്ങളിലും സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രത്തിന്റെ ഒരു വർഷം നീളുന്ന സപ്തതി ആഘോഷ പരിപാടിയുടെ ഉദ്ഘാടനം 18ന് നടക്കും. ഗവർണർ മുഖ്യാതിഥിയായിരിക്കും.



സിഎംഎഫ്ആർഐ കൊച്ചിയിൽ നടത്തുന്ന പ്രദർശനം കാണാൻ എത്തിയ കുട്ടികൾ.